## കൊല്ലംസതേൺ സർക്കിൾചീഫ്ഫോറസ്റ്റ്കൺസർവേറ്ററുടെ നടപടിഉത്തരവ്.

ഹാജർ: സഞ്ജയൻ കുമാർഐ.എഫ്.എസ്.

വിഷയം: വനംവകുപ്പ് – ജീവനക്കാര്യം – കൊല്ലം ജില്ലയിലെ എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികകളിലെ ഒഴിവുകളുടെ 10% താഴ്ന്ന ശമ്പള സ്കെയിലിൽപ്പെട്ട ജീവനക്കാരിൽ നിന്നും തസ്തിക മാറ്റംവഴി നിയമനം നൽകുന്നതിനായി 01.01.2020 പ്രാബല്യത്തിൽതയ്യാറാക്കിയതാൽക്കാലികസീനിയോറിറ്റിലിസ്റ്റ് പ്രസിദ്ധീകരിക്കുന്നത് – സംബന്ധിച്ച്.

പരാമർശം:

1. ജി.ഒ.(പി) നമ്പർ 4/2020/പി&എ.ആർ.ഡിതീയതി 22.01.2020.
2. അഡീഷണൽ പ്രിൻസിപ്പൽ ചീഫ്ഫോറസ്റ്റ്കൺസർവേറ്റർ (ഭരണം) തിരുവനന്തപുരത്തിന്റെ 28.05.2020-ലെ ഇ2-1105/2020 നമ്പർ കത്ത്.
3. ഈ ഓഫീസിലെ 11.08.2020-ലെ ക്യൂ.ഇ2-2038/20 നമ്പർ നടപടി ഉത്തരവ്.
4. ഈ ഓഫീസിലെ 04.09.2020, 10.12.2020 എന്നീ തീയതികളിലെ ക്യൂ.ഇ2-2038/20 നമ്പർ കത്തുകൾ.
5. ഡിവിഷണൽഫോറസ്റ്റ്ഓഫീസർ, തെന്മലയുടെ 24.12.2020-ലെ ഇ1-5832/2017 നമ്പർ കത്ത്.

### ഉത്തരവ് നമ്പർ ക്യൂ.ഇ2-4594/2020 തീയതി 08.01.2021

വനം വകുപ്പിലെക്ലാർക്ക്/എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 10% വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട ക്ലാർക്ക്/എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിലെ ശമ്പളത്തേക്കളേറ്റ താഴ്ന്ന ശമ്പള സ്കെയിലിലുള്ള ജീവനക്കാർക്കും യോഗ്യതയുടെയും സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ ക്ലാർക്ക്/ എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികകളിലേക്ക് തസ്തിക മാറ്റം വഴി നിയമനം നൽകുന്നതിന് പരാമർശം (1) ഉത്തരവിൽ നിഷ്കർശിച്ച പ്രകാരം ജില്ലാ അടിസ്ഥാനത്തിൽ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കണമെന്ന് പരാമർശം (2) പ്രകാരം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) നിർദ്ദേശിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലയിലെ ടി ജീവനക്കാരുടെ 01.01.2020 തീയതി പ്രാബല്യത്തിൽ തയ്യാറാക്കി താൽക്കാലിക ജില്ലാതല സീനിയോറിറ്റി ലിസ്റ്റ് പരാമർശം (3) പ്രകാരം പ്രസിദ്ധീകരിച്ച് ഉത്തരവായിരുന്നു.

എന്നാൽ വനം വകുപ്പിലെ താഴ്ന്ന ശമ്പള സ്കെയിൽപ്പെട്ട വാച്ചർമാരെ ഉൾപ്പെടുത്താത്തതിനാൽ അവരിൽനിന്നും ധാരാളം പരാതികൾ ലഭിച്ചിരുന്നു. ഇതിനെത്തുടർന്ന് വാച്ചർമാരുടെ വിവരങ്ങൾ ഉൾപ്പെടുത്തിയ ലിസ്റ്റ് സമർപ്പിക്കുവാൻ പരാമർശം (4) പ്രകാരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ തെന്മലയോട് ആരായുകയും ഇതനുസരിച്ച് ഇവരെ ഉൾപ്പെടുത്തിയ ലിസ്റ്റ് പരാമർശം (5) പ്രകാരം സമർപ്പിക്കുകയും ചെയ്തു. ആയതിൻമേൽ 01.01.2020 പ്രാബല്യത്തിൽ കൊല്ലം ജില്ലയിലെ ക്ലാർക്ക് തസ്തികയിലേക്ക് തസ്തിക മാറ്റം വഴി നിയമനം നൽകേണ്ടതായ ജീവനക്കാരുടെ താൽക്കാലിക ജില്ലാതല സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി പ്രസിദ്ധീകരിക്കേണ്ടതുണ്ട്.

മേൽ സാഹചര്യത്തിൽ കൊല്ലം ജില്ലയിലെ ടി ജീവനക്കാരുടെ 01.01.2020 തീയതി പ്രാബല്യത്തിൽ താൽക്കാലിക ജില്ലാതല സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചുകൊണ്ട്

കൊല്ലം സതേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററായ സഞ്ജയകുമാർ ഐ.എഫ്.എസ് എന്ന ഞാൻ ഇതിനാൽ ഉത്തരവാകുന്നു. ടി സീനിയോറിറ്റി ലിസ്റ്റ് സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപമോ പരാതിയോ ഉണ്ടെങ്കിൽ ആയതും, ആരുടെയെങ്കിലും പേരു വിവരം വിട്ടുപോയിട്ടുണ്ടെങ്കിൽ ആയതും ഈ ഉത്തരവ് തീയതി മുതൽ 15 ദിവസത്തിനകം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ രേഖമൂലം മേലധികാരി മുഖേന ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ ആക്ഷേപങ്ങൾ ലഭിക്കാത്തപക്ഷം ടി ലിസ്റ്റുകൾ അന്തിമമായി പ്രസിദ്ധീകരിക്കുന്നതാണ്. സമയപരിധിക്കു ശേഷം ലഭിക്കുന്ന പരാതികൾ പരിഗണിക്കുന്നതല്ല.

സഞ്ജയൻകുമാർഐ.എഫ്.എസ്,
ചീഫ്ഫോറസ്റ്റ്കൺസർവേറ്റർ,
സതേൺ സർക്കിൾ, കൊല്ലം

പകർപ്പ്:
1. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) തിരുവനന്തപുരത്തിന് അറിവിനായി സമർപ്പിക്കുന്നു. ടി താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ് അങ്ങയുടെ ഓഫീസിലെയും വനം വകുപ്പാസ്ഥാനത്തെ മറ്റ് ഓഫീസുകളിലേയും ലാസ്റ്റ്ഗ്രേഡ് ജീവനക്കാർക്ക് നൽകി ആക്ഷേപങ്ങൾ ഉണ്ടെങ്കിൽ നിശ്ചിത സമയത്തിനകം സമർപ്പിക്കുവാൻ നിർദ്ദേശം നൽകേണ്ടതാണ്.
2. ഫോറസ്റ്റ് കൺസർവേറ്റർ, സോഷ്യൽ ഫോറസ്ട്രി, സതേൺ റീജിയൺ, കൊല്ലം/ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, തെന്മല/പുനലൂർ /അച്ചൻകോവിൽ/ടിമ്പർ സെയിൽസ്, പുനലൂർ/ തിരുവനന്തപുരം/ ഫ്ളൈയിംഗ്സ്ക്വാഡ്, പുനലൂർ/ വർക്കിംഗ്പ്ലാൻ, കൊല്ലം/വൈൽഡ്ലൈഫ് വാർഡൻ, ശെന്തുരുണി, എന്നിവർ നൽകുന്നു. ടി താൽക്കാലിക സീനിയോറിറ്റി ലിസ്റ്റുകൾ താങ്കളുടെ ഓഫീസിലേയും സബ് ഓഫീസുകളിലേയും ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് നൽകി ആക്ഷേപങ്ങൾ ഉണ്ടെങ്കിൽ നിശ്ചിത സമയത്തിനകം സമർപ്പിക്കുവാൻ നിർദ്ദേശം നൽകേണ്ടതാണ്.
3. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഐ.റ്റി)യ്ക്ക് വനം വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന് നൽകുന്നു.
4. ക്യു.ജി1, സ്റ്റോക്ക് ഫയൽ

# Southern Circle, Kollam

**Provisional Seniority List of Last Grade Servents for by transfer to L.D. Typists as on 01.01.2020 in Kollam District**

| Sl. No | Name | Designation | Office | Date of Birth | Qualification | Appointment details of PSC Advice memo No.& Date | Date of Joining | Date of Seniority | Remarks |
|---|---|---|---|---|---|---|---|---|---|
| 1 | Sheeba.S | Office Attendent | Chief Conservator of Forests, SC,Kollam | 21.05.1981 | SSLC, Type writing English & Malayalam-Lower ,Computer Word procesing- | QRIII(3)2069/2014 (11) dtd. 15.04.2017 and Order No. E2-14215/14 (3) dtd. 11.05.2017 of of Senior AO, FHQ, Thiruvananthapuram | 20-05-2017 | 15-04-2017 | |
| 2 | Suma.S S | Office Attendent | Divisional Forest Office, Thenmala | 31.05.1978 | SSLC, Type writing English & Malayalam-Lower ,Computer Wordprocesing-English & Malayalam | PTA IV (3)569/10(4) dtd.31.10.2014 and SO.No. 72/14 dtd 19.11.2014 | 28-11-2014 | 06-12-2019 | Inter District Transfer |

Chief Conservator of Forests,
Southern Circle, Kollam